compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജൂൺ 30
Tuesday, 30th June 2026

1201 മിഥുനം 16
16th Mithunam 1201

1948 ആഷാഢം 9
9th Ashadha 1948

വാല്യം 15
Vol. XV

നമ്പർ / **No.** **26**

Part III

Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം
(ഹാജർ : സുരേഖ നായർ)

നം. DDKLM/865/2025- A5 കൊല്ലം, തീയതി: 02/06/2026

വിഷയം :- കൊല്ലം - വെട്ടിക്കവല ക്ഷീരവികസന യൂണിറ്റ് - കലയപുരം ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ. 150 (ഡി) ആപ്കോസ് - സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഈ ആഫീസിലെ 16/02/2024 തീയതിയിലെ DDKLM/481/2023-A5 നം. ഉത്തരവ്
2) വെട്ടിക്കവല ക്ഷീരവികസന ഓഫീസറുടെ 13/10/2025 തീയതിയിലെ റിപ്പോർട്ട് .

ഉത്തരവ്

വെട്ടിക്കവല ക്ഷീരവികസന യൂണിറ്റ് പരിധിയിലെ കലയപുരം ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ. 150 (ഡി) ആപ്കോസ് ദീർഘ കാലമായി പ്രവർത്തന രഹിതമാണ്. സംഘം പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികളും പ്രവർത്തനങ്ങളും ഫലം കണ്ടെത്താത്ത സാഹചര്യത്തിൽ പരാമർശം (1) പ്രകാരം സംഘത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ട് അനുസരിച്ച് സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ കലയപുരം ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ. 150 (ഡി) ആപ്കോസ് സമാപ്തീകരിക്കാവുന്നതാണെന്ന് ക്ഷീരവികസന ആഫീസർ ശുപാർശയും ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ വെട്ടിക്കവല ക്ഷീരവികസന യൂണിറ്റ് പരിധിയിലെ കലയപുരം ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ. 150 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം വെട്ടിക്കവല ക്ഷീരവികസന ആഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് കൈപ്പറ്റി രണ്ട് വർഷക്കാലയളവിൽ നിയമാനുസൃത നടപടികളിലൂടെ സംഘം സമാപ്തീകരിച്ച് ആയതിന്റെ റിപ്പോർട്ടും സംഘം റെക്കോർഡുകളും ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

ഒപ്പ്/-
ഡെപ്യൂട്ടി ഡയറക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം
(ഹാജർ : സുരേഖ നായർ)

ക്ഷീര വികസന വകുപ്പ് - കൊല്ലം – അഞ്ചൽ ക്ഷീരവികസന യൂണിറ്റ് – കഴുതുരുട്ടി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. ക്യൂ. 365 (ഡി) ആപ്കോസ് - സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നം. DDKLM/8/2025- A5 കൊല്ലം, തീയതി: 02/06/2026

പരാമർശം:- അഞ്ചൽ ക്ഷീരവികസന ഓഫീസറുടെ 16/12/2024 ലെ DESU-KLM0ACHL/154/2024-C നമ്പർ കത്ത്.

ഉത്തരവ്

അഞ്ചൽ ക്ഷീരവികസന യൂണിറ്റ് പരിധിയിലെ കഴുതുരുട്ടി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. ക്യൂ. 365 (ഡി) ആപ്കോസ്19/01/2021 ൽ രജിസ്റ്റർ ചെയ്ത് 5 വർഷം പിന്നിട്ടെങ്കിലും നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് പരാമർശ പ്രകാരം ശുപാർശ ചെയ്ത് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. .

മേൽ സാഹചര്യത്തിൽ അഞ്ചൽ ക്ഷീരവികസന യൂണിറ്റ് പരിധിയിലെ കഴുതുരുട്ടി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. ക്യൂ. 365 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം അഞ്ചൽ ക്ഷീരവികസന യൂണിറ്റിലെ ഡെയറി ഫാം ഇൻസ്ട്രക്ടർ നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ ചുമതല ഏറ്റെടുത്ത് വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതും ലിക്വിഡേറ്റർ കൈക്കൊള്ളുന്ന നടപടിക്രമങ്ങളുടെ പ്രതിമാസ പുരോഗതി റിപ്പോർട്ട് ഡെപ്യൂട്ടി ഡയറകൂർക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഈ ഉത്തരവ് കൈപ്പറ്റി രണ്ട് വർഷക്കാലയളവിൽ നിയമാനുസൃത നടപടികളിലൂടെ സംഘം സമാപ്തീകരിച്ച് ആയതിന്റെ റിപ്പോർട്ടും സംഘം റെക്കോർഡുകളും ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

ഒപ്പ്/-
ഡെപ്യൂട്ടി ഡയറക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : സുരേഖ നായർ)

ക്ഷീര വികസന വകുപ്പ് - കൊല്ലം – അഞ്ചൽ ക്ഷീരവികസന യൂണിറ്റ് – ആര്യങ്കാവ് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. ക്യൂ. 366 (ഡി) ആപ്കോസ് - സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നം. DDKLM/7/2025- A5 കൊല്ലം, തീയതി: 16/05/2026

പരാമർശം:- അഞ്ചൽ ക്ഷീരവികസന ഓഫീസറുടെ 17/12/2024 ലെ DESU-KLM0ACHL/153/ 2024-C നമ്പർ കത്ത്.

<u>ഉത്തരവ്</u>

അഞ്ചൽ ക്ഷീരവികസന യൂണിറ്റ് പരിധിയിലെ ആര്യങ്കാവ് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. ക്യൂ. 366 (ഡി) ആപ്കോസ് 20/02/2021 ൽ രജിസ്റ്റർ ചെയ്ത് 4 വർഷം പിന്നിട്ടെങ്കിലും നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് പരാമർശ പ്രകാരം ശുപാർശ ചെയ്ത് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. .

മേൽ സാഹചര്യത്തിൽ അഞ്ചൽ ക്ഷീരവികസന യൂണിറ്റ് പരിധിയിലെ ആര്യങ്കാവ് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. ക്യൂ. 366 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം അഞ്ചൽ ക്ഷീരവികസന ഓഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് കൈപ്പറ്റി രണ്ട് വർഷക്കാലയളവിൽ നിയമാനുസൃത നടപടികളിലൂടെ സംഘം സമാപ്തീകരിച്ച് ആയതിന്റെ റിപ്പോർട്ടും സംഘം റെക്കോർഡുകളും ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

ലിക്വിഡേറ്റർ ഉടൻ ചുമതല ഏറ്റെടുത്ത് വീവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ഡെപ്യൂട്ടി ഡയറക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം
(ഹാജർ : ശ്രീമതി അനീഷ എ)

നം. DDKLM/782/2025- A3 കൊല്ലം, തീയതി: 04/04/2026

വിഷയം :- കൊല്ലം - മുഖത്തല ക്ഷീരവികസന യൂണിറ്റ് - വടക്കേവിള ക്ഷീരസംഘം 17 (ഡി) ആപ്കോസ് - സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഈ ആഫീസിലെ 07/06/2023 തീയതിയിലെ DDKLM/481/2023-A5 നം. ഉത്തരവ്
2) മുഖത്തല ക്ഷീരവികസന ഓഫീസറുടെ DESU-KLM0MKTL/115/2025-DE0 നമ്പർ കത്ത്.

ഉത്തരവ്

മുഖത്തല ക്ഷീരവികസന യൂണിറ്റ് പരിധിയിലെ വടക്കേവിള ക്ഷീരസംഘം 17 (ഡി) ആപ്കോസ് ദീർഘ കാലമായി പ്രവർത്തന രഹിതമാണ്. സംഘം പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികളും പ്രവർത്തനങ്ങളും ഫലം കണ്ടെത്താത്ത സാഹചര്യത്തിൽ പരാമർശം (1) പ്രകാരം സംഘത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ട് അനുസരിച്ച് സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ വടക്കേവിള ക്ഷീരസംഘം 17 (ഡി) ആപ്കോസ് സമാപ്തീകരിക്കാവുന്നതാണെന്ന് ക്ഷീരവികസന ആഫീസർ ശുപാർശയും ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ മുഖത്തല ക്ഷീരവികസന യൂണിറ്റ് പരിധിയിലെ വടക്കേവിള ക്ഷീരസംഘം 17 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം മുഖത്തല ക്ഷീരവികസന ആഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് കൈപ്പറ്റി രണ്ട് വർഷക്കാലയളവിൽ നിയമാനുസൃത നടപടികളിലൂടെ സംഘം സമാപ്തീകരിച്ച് ആയതിന്റെ റിപ്പോർട്ടും സംഘം റെക്കോർഡുകളും ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

ഒപ്പ്/-
ഡെപ്യൂട്ടി ഡയറക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം
(ഹാജർ : സുരേഖ നായർ)

നം. DDKLM/866/2025- A5 കൊല്ലം, തീയതി: 16/05/2026

വിഷയം :- കൊല്ലം - വെട്ടിക്കവല ക്ഷീരവികസന യൂണിറ്റ് - അമ്പലക്കര ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ. 68 (ഡി) - സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഈ ആഫീസിലെ 16/02/2024 തീയതിയിലെ DDKLM/481/2023-A5 നം. ഉത്തരവ്
2) വെട്ടിക്കവല ക്ഷീരവികസന ഓഫീസറുടെ 13/10/2025 തീയതിയിലെ റിപ്പോർട്ട് .

ഉത്തരവ്

വെട്ടിക്കവല ക്ഷീരവികസന യൂണിറ്റ് പരിധിയിലെ അമ്പലക്കര ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ. 68 (ഡി) ദീർഘ കാലമായി പ്രവർത്തന രഹിതമാണ്. സംഘം പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികളും പ്രവർത്തനങ്ങളും ഫലം കണ്ടെത്താത്ത സാഹചര്യത്തിൽ പരാമർശം (1) പ്രകാരം സംഘത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ട് അനുസരിച്ച് സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ അമ്പലക്കര ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ. 68 (ഡി) സമാപ്തീകരിക്കാവുന്നതാണെന്ന് ക്ഷീരവികസന ആഫീസർ ശുപാർശയും ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ വെട്ടിക്കവല ക്ഷീരവികസന യൂണിറ്റ് പരിധിയിലെ അമ്പലക്കര ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ. 68 (ഡി) സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം വെട്ടിക്കവല ക്ഷീരവികസന ആഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് കൈപ്പറ്റി രണ്ട് വർഷക്കാലയളവിൽ നിയമാനുസൃത നടപടികളിലൂടെ സംഘം സമാപ്തീകരിച്ച് ആയതിന്റെ റിപ്പോർട്ടും സംഘം റെക്കോർഡുകളും ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

ഒപ്പ്/-
ഡെപ്യൂട്ടി ഡയറക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ എസ്. മഹേഷ് നാരായണൻ, ഡെപ്യൂട്ടി ഡയറക്ടർ)

നം. DDPTA/596/2025-C 25-06-2026

വിഷയം :- ക്ഷീരവികസന വകുപ്പ്, പത്തനംതിട്ട-ഇരുവള്ളിപ്ര ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 165 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിനായി 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72 (1) പ്രകാരം തിരുവല്ല ഡയറി ഫാം ഇൻസ്ട്രക്ടർ എ യൂണിറ്റിനെ ലികിഡേറ്ററായി നിയമിച്ചുള്ള- ഉത്തരവ് -സംബന്ധിച്ച്

പരാമർശം:- (1) തിരുവല്ല ക്ഷീരവികസന ഓഫീസറുടെ 25/11/2025 തീയതിയിലെ DESU-PTA0TVLA/54/2025-TVLA നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ വകുപ്പ് 65 അന്വേഷണ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 23/04/2026 തീയതിയിലെ ഇതേ നമ്പർ കത്തുകൾ.

തിരുവല്ല മുനിസിപ്പാലിറ്റിയിലെ 14, 15 വാർഡുകൾ ഉൾപ്പെടുത്തി 19/02/2007 തീയതിയിൽ രജിസ്റ്റർ ചെയ്ത ഇരുവള്ളിപ്ര ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി. റ്റി. 165 (ഡി) ആപ്കോസ് 2016 വർഷം മുതൽ പ്രവർത്തനരഹിതമാണ്. സംഘത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും വെസ്റ്റ് ഓതറ സംഘത്തിൽ സൂക്ഷിച്ച് വന്നിരുന്നു. എന്നാൽ 2018 വർഷത്തിൽ ഉണ്ടായ പ്രളയത്തിൽ ആയത് നഷ്ടപ്പെട്ടിട്ടുള്ളതിനാൽ സംഘത്തിന്റെ പ്രവർത്തനം സംബന്ധിച്ച യാതൊരു രേഖകളും രജിസ്റ്ററുകളും നിലവിൽ ലഭ്യമല്ല. സംഘത്തിന്റെ പ്രവർത്തന മേഖല തിരുവല്ല ടൗൺ ഉൾപ്പെടുന്ന പ്രദേശം ആയതിനാൽ ടി പ്രദേശത്ത് ക്ഷീരകർഷകർ ആരും തന്നെയില്ല എന്നും സംഘം പുനരുജ്ജീവിപ്പിക്കുന്നതിനും, പാൽ സംഭരണം പുനരാരംഭിക്കുന്നതിനും യാതൊരു സാധ്യതയും ഇല്ലാത്തതാണെന്നും പരാമർശം (1) പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം നടപടി സ്വീകരിയ്ക്കുന്നതിൽ ആക്ഷേപം ഉള്ള പക്ഷം ആയത് ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്ക് പത്തനംതിട്ട, സർക്കിൾ സഹകരണ യൂണിയൻ, തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയൻ എന്നീ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയെങ്കിലും ആയതിന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതുമാകുന്നു. മേൽ സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ 1969 -ലെ കേരള സഹകരണ സംഘം നിയമം 71 (2) വകുപ്പ് അനുസരിച്ച് സ്വീകരിക്കാവുന്നതാണെന്ന് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നതിനാൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ഇരുവള്ളിപ്ര ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 165 (ഡി) ആപ്കോസ് 1969-ലെ കേരള സഹകരണ നിയമം 71 (2) വകുപ്പനുസരിച്ച് സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് 1969-ലെ കേരള സഹകരണ നിയമം 72 (1) വകുപ്പനുസരിച്ച് തിരുവല്ല ഡയറി ഫാം ഇൻസ്ട്രക്ടർ എ യൂണിറ്റിനെ ലികിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലികിഡേറ്ററുടെ കാലാവധി ഈ ഉത്തരവ് തീയതി മുതൽ 2 വർഷം ആയിരിക്കുന്നതും നിശ്ചിത കാലാവധിയ്ക്കകം നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് രേഖാമൂലം ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, പത്തനംതിട്ട

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ എസ്. മഹേഷ് നാരായണൻ, ഡെപ്യൂട്ടി ഡയറക്ടർ)

നം. DDPTA/283/2026-C 22-06-2026

വിഷയം :- ക്ഷീരവികസന വകുപ്പ്, പത്തനംതിട്ട-മുത്തൂർ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 168 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിനായി 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72 (1) തിരുവല്ല ക്ഷീരവികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ചുള്ള- ഉത്തരവ് -സംബന്ധിച്ച്

പരാമർശം:- (1) തിരുവല്ല ക്ഷീരവികസന ഓഫീസറുടെ 15/02/2026 തീയതിയിലെ DESU-PTA0TVLA/6/2026-TVLA നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ സെക്ഷൻ 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്

(2) ഈ ഓഫീസിലെ 28/05/2026 തീയതിയിലെ DDPTA/331/2023-C നമ്പർ കത്തുകൾ.

തിരുവല്ല മുനിസിപ്പാലിറ്റിയിൽ 30/01/2009 ൽ രജിസ്റ്റർ ചെയ്ത് 10/03/2009 തീയതിയിൽ പ്രവർത്തനം ആരംഭിച്ച സംഘമാണ് മുത്തൂർ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 168 (ഡി) ആപ്കോസ്. തിരുവല്ല മുനിസിപ്പാലിറ്റിയിൽ പരമ്പരാഗതമായി പശു വളർത്തിയിരുന്ന കുറച്ച് ക്ഷീരകർഷർ മാത്രം ഉള്ള പ്രദേശത്ത് സ്ഥിതി ചെയ്തിരുന്ന ടി ക്ഷീരസംഘത്തിന്റെ പ്രവർത്തനം 2018 ൽ പൂർണ്ണമായും നിലച്ചിട്ടുള്ളതും നിലവിലെ സാഹചര്യത്തിൽ ടി സംഘം പുനരുജ്ജീവിപ്പിക്കുന്നതിനും, പാൽ സംഭരണം പുനരാരംഭിക്കുന്നതിനും യാതൊരു സാധ്യതയും ഇല്ലാത്തതാണെന്നും പരാമർശം (1) പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം നടപടി സ്വീകരിയ്ക്കുന്നതിൽ ആക്ഷേപം ഉള്ള പക്ഷം ആയത് ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്ക് പത്തനംതിട്ട, സർക്കിൾ സഹകരണ യൂണിയൻ, തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയൻ എന്നീ സ്ഥാപനങ്ങൾക്ക് കത്തു നൽകിയെങ്കിലും ആയതിന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതുമാകുന്നു. മേൽ സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ 1969 -ലെ കേരള സഹകരണ സംഘം നിയമം 71 (2) വകുപ്പ് അനുസരിച്ച് സ്വീകരിക്കാവുന്നതാണെന്ന് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നതിനാൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

മുത്തൂർ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 168 (ഡി) ആപ്കോസ് 1969-ലെ കേരള സഹകരണ നിയമം 71 (2) വകുപ്പനുസരിച്ച് സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് 1969-ലെ കേരള സഹകരണ നിയമം 72 (1) വകുപ്പനുസരിച്ച് തിരുവല്ല ക്ഷീരവികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്ററുടെ കാലാവധി ഈ ഉത്തരവ് തീയതി മുതൽ 2 വർഷം ആയിരിക്കുന്നതും നിശ്ചിത കാലാവധിയ്ക്കകം നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് രേഖാമൂലം ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, പത്തനംതിട്ട

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

നമ്പർ: DESU-PKD0PTB / 68 /2023-DEO **27-06-2026**

ക്ഷീരവികസന വകുപ്പ് പാലക്കാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 10.07.2025 ലെ DDPKD/10143/2012-CE നമ്പർ ഉത്തരവ് പ്രകാരം ഷൊർണൂർ മുൻസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന ഷൊർണൂർ മിൽക്ക് സപ്ലൈ യൂണിയൻ ക്ലിപ്തം നം.എഫ്.1499 ആപ്കോസിന്റെ പ്രവർത്തനം സമാപ്തികരിക്കുന്നതിന് ലിക്വിഡേറ്ററായി നിയമിതനായ പട്ടാമ്പി ക്ഷീരവികസന ഓഫീസർ 1969 ലെ കേരള സഹകരണ നിയമം, വകുപ്പ് 72, ചട്ടം 69(2) പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവ്.

മേപ്പടി ഷൊർണൂർ മിൽക്ക് സപ്ലൈ യൂണിയൻ ക്ലിപ്തം നം.എഫ്.1499 ആപ്കോസുമായി ബന്ധപ്പെട്ടു, ടി സംഘങ്ങളിലെ അംഗങ്ങളോ അല്ലാത്തവരോ ആയ ഏതെങ്കിലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ടി സംഘത്തിൽ നിന്നും എന്തെങ്കിലും തുക ലഭിക്കുവാനുണ്ടെങ്കിൽ ആയത് തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ സഹിതം ഇന്നേ തീയതി മുതൽ 60 ദിവസങ്ങൾക്കകം അപേക്ഷ നൽകേണ്ടതാണ്. കൂടാതെ ടി സംഘത്തിൻറെ സമാപ്തികരണത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ കാലയളവിനുള്ളിൽ ലിക്വിഡേറ്റർ മുമ്പാകെ രേഖാമൂലം നൽകേണ്ടതാണ്. നിർദ്ദിഷ്ട കാലയളവിനുള്ളിൽ എന്തെങ്കിലും ക്ലെയിമുകൾ ഉന്നയിക്കപ്പെടുന്ന പക്ഷം സംഘം കണക്കിൽ തുക വല്ലതും ലഭ്യമാകുന്ന പക്ഷം സർക്കാരിലേക്ക് ചെല്ലാനുള്ളവ കഴിച്ച് ക്ലെയിം ലഭിക്കുന്ന സീനിയോരിറ്റി പ്രകാരം തീർപ്പ് കൽപ്പിക്കുന്നതാണ്.

മേപ്പടി കാലയളവിനുള്ളിൽ ക്ലെയിമുകളോ ആക്ഷേപങ്ങളോ ലഭിക്കാത്ത പക്ഷം ആർക്കും ഇക്കാര്യത്തിൽ ആക്ഷേപങ്ങളൊന്നുമില്ലെന്ന നിഗമനത്തിൽ സംഘത്തിൻറെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ക്ഷീര വികസന ഓഫീസ്, ഒപ്പ്

പട്ടാമ്പി *ലിക്വിഡേറ്റർ*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.06.30 03:50:33 +05:30